കർഷകർക്ക് നഷ്ടപരിഹാരം

121 (1525) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭം, കാലവർഷം, വരൾച്ച എന്നിവമൂലം കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കാർഷിക മേഖലയ്ക്ക് ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഈ കാർഷിക നഷ്ടം പരിഹരിക്കുന്നതിന് സംസ്ഥാനം കേന്ദ്രത്തിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോ വർഷവും ആവശ്യപ്പെട്ട തുക എത്രയായിരുന്നു ; ഓരോ വർഷവും എത്ര തുക കേന്ദ്രം അനുവദിച്ചു ; ഏതെല്ലാം കാർഷിക മേഖലകളാണ് തുക അനുവദിച്ചത് ;വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നഷ്ടപരിഹാരത്തിന് കർഷകർ നൽകിയിട്ടുള്ള അപേക്ഷകളിന്മേൽ എന്ന് വരെയുള്ള അപേക്ഷകൾക്ക് തുക അനുവദിച്ചിട്ടുണ്ട് ; എത്ര രൂപാ വിതരണം ചെയ്തിട്ടുണ്ട് ;

(ഡി) ഏതെല്ലാം കാർഷിക വിളകൾക്കാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളത് ; വിളകളുടെ പേരും നഷ്ടപരിഹാര തുകയും ജില്ലതിരിച്ച് വിശദമാക്കുമോ ;

(ഇ) സംസ്ഥാന ഗവൺമെന്റ് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിരുന്നോ ; എത്ര തുക വക കൊള്ളിച്ചു ; അതിൽ എത്ര തുക വിതരണം ചെയ്തു ; വർഷം, ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) പ്രകൃതിക്ഷോഭം, കാലവർഷം, വരൾച്ച എന്നിവമൂലം കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ (2011-12, 2012-13, 2013-14) കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടത്തിന്റെ കണക്ക് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ബി) കാർഷിക മേഖലയ്ക്കായി പ്രത്യേകം ധനസഹായം അനുവദിച്ചിട്ടില്ല. കാർഷിക മേഖല ഉൾപ്പെടെ പൊതുവായി ഉണ്ടായ നാശനഷ്ടങ്ങൾക്ക് ആവശ്യപ്പെട്ടിരുന്ന കേന്ദ്ര സഹായത്തിന്റെയും കേന്ദ്രം അനുവദിച്ച തുകയുടെയും വിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കർഷകർ നൽകിയിട്ടുള്ള അപേക്ഷകളിന്മേൽ ഉക അനുവദിച്ചത് സംബന്ധിച്ച വിവരവും വിതരണം ചെയ്ത ഉകയുടെ വിവരവും അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ഡി) നെല്ല്, തെങ്ങ്, കമുക്, വാഴ, പച്ചക്കറികൾ, കരുമുളക്, വെറ്റിലക്കൊടി, റബ്ബർ, ജാതി, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, കാപ്പി, കൊക്കോ, ഗ്രാംപൂ ഇഞ്ചി, മഞ്ഞൾ എന്നീ വിളകൾക്കാണ് പ്രധാനമായും നഷ്ടപരിഹാരം നൽകിയിട്ടുള്ളത്. ജില്ല തിരിച്ച് അനുവദിച്ച ഉകയുടെ വിശദാംശം അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്.*

(ഇ) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ (എസ്.ഡി.ആർ.എഫ്.) നിന്നാണ് ധനസഹായം നൽകുന്നത്. എസ്.ഡി.ആർ.എഫ്.-ൽ കൃഷിയ്ക്കായി പ്രത്യേകം ഉക വകയിരുത്തുന്നില്ല.

കർഷകർക്ക് സൗജന്യ വൈദ്യുതി

122 (1526) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കർഷകരാണ് സൗജന്യ വൈദ്യുതിക്ക് അർഹരായുള്ളവരെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ആനുകൂല്യം കർഷകർക്ക് ലഭ്യമാകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ഇത് പ്രകാരം വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള മാനദണ്ഡവും പ്രതിമാസ വൈദ്യുതിചാർജ്ജ് വൈദ്യുതി ബോർഡിന് നൽകുന്നതിനുള്ള സംവിധാനവും എന്താണെന്ന് വിശദമാക്കുമോ ;

(ഡി) ആയതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ; നിലവിൽ പ്രസ്തുത ഇനത്തിലുള്ള കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly